"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ്- കുടുംബശ്രീ- ജീവനക്കാര്യം - ശ്രീ. പ്രദീപൻ.എ.വി. (അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, പൊതുഭരണ വകുപ്പ്, ഗവ. സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം)-യുടെ കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷനിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1002/2022/LSGD തീയതി,തിരുവനന്തപുരം, 22-04-2022

---

പരാമർശം:-
1. 10.05.2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ
2. 28.11.2013 തീയതിയിലെ സ.ഉ.(പി) നം.580/2013/ധന
3. 27.02.2019 തീയതിയിലെ സ.ഉ.(ആർ. റ്റി) നം.449/2019/തസ്വഭവ
4. 23.05.2020 തീയതിയിലെ സ.ഉ.(ആർ. റ്റി) നം.948/2020/തസ്വഭവ
5. 13.04.2021 തീയതിയിലെ സ.ഉ.(ആർ. റ്റി) നം.862/2021/തസ്വഭവ
6. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17.01.2022 ലെ 2220/ഇ1/2019/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

**ഉത്തരവ്**

ഗവ. സെക്രട്ടേറിയേറ്റിലെ പൊതുഭരണ വകുപ്പ് അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ-ആയ ശ്രീ.പ്രദീപൻ.എ.വി.-യെ പരാമർശം (3)ലെ ഉത്തരവ് പ്രകാരം കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷനിൽ അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. തുടർന്ന് ദീർഘിപ്പിച്ച നൽകിയ ടിയാളുടെ അന്യത്രസേവന കാലാവധി 28.02.2022 ൽ അവസാനിച്ചതായും 01.03.2022 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവന കാലം ദീർഘിപ്പിച്ച നൽകണമെന്നും പരാമർശം (6) ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.പ്രദീപൻ.എ.വി. -യുടെ കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷനിലെ അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 01.03.2022 മുതൽ മൂന്നുമാസം അല്ലെങ്കിൽ പുതിയ നിയമനം വരെ ഏതാണോ ആദ്യം അതുവരെ മാത്രം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടി എസ് പ്രവീൺ കുമാർ
അണ്ടർ സെക്രട്ടറി

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,തിരുവനന്തപുരം.
ശ്രീ. പ്രദീപൻ.എ.വി.,അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, പൊതുഭരണ വകുപ്പ്, ഗവ. സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം,( പൊതുഭരണ (സർവീസസ്-എ) വകുപ്പ് മുഖേന)
പൊതുഭരണ (സർവീസസ്-എ) വകുപ്പ് (SA3/90/2022/പൊഭവ പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(IA1/34/2022/LSGD)

ഉത്തരവിൻ പ്രകാരം
**Signed by Vijitha M B**
**Date: 22-04-2022 10:55:23**
സെക്ഷൻ ഓഫീസർ